**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3457** **15-02-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി. കൊമേഴ്സ് (ജൂനിയർ) തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കാറ്റഗറി നമ്പർ 339/2017 പ്രകാരം പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്.ടി. കൊമേഴ്സ് (ജൂനിയർ) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിനായി നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | **കാറ്റഗറി നമ്പർ 339/2017 പ്രകാരം പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് (ജൂനിയർ) തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും നാളിതുവരെ 139 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. ടി തസ്തികയുടെ ഒഴിവുകൾ ഒന്നും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.** |
| (ബി) | ജെ.എ.2/56/2022/ജി.ഇ.ഡി. നമ്പർ ഫയൽ പ്രകാരം ബൈ ട്രാൻസ്ഫർ നിയമനം നടത്തിയതിനുശേഷം യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ സ്പെഷ്യൽ റൂളിലെ വ്യവസ്ഥ പ്രകാരം ശേഷിച്ച 28 ഒഴിവുകളിൽ 20 എണ്ണം മാത്രം നേരിട്ടുള്ള റിക്രൂട്ട്മെന്റിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; അവശേഷിക്കുന്ന 8 ഒഴിവുകൾ കൂടി സ്പെഷ്യൽ റൂൾ അനുശാസിക്കും പ്രകാരം നേരിട്ടുള്ള റിക്രൂട്ട്മെന്റിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | 01/01/2016 മുതൽ 28/12/2020 വരെയുള്ള കാലയളവിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കൊമേഴ്സ് തസ്തികയിൽ തസ്തികമാറ്റത്തിനായി 84 ഒഴിവുകളാണ് നിലവിലുണ്ടായിരുന്നത്. 26/08/2016 ലെ സ.ഉ.(പി) നം 144/2016/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി ഒഴിവുകൾ 70:20:5:5 എന്ന അനുപാതത്തിൽ യഥാക്രമം എച്ച്.എസ്.എ., യു.പി.എസ്.എ/ എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കന്ററി വിഭാഗം), ലാബ് അസിസ്റ്റന്റ് (ഹയർസെക്കന്ററി വിഭാഗം) എന്നീ വിഭാഗങ്ങൾക്കായാണ് നൽകേണ്ടത്. 11/08/2022 -ലെ എഡി ബി3/242989/22/ഡി.ജി.ഇ നമ്പർ ഉത്തരവ് പ്രകാരം 29 പേർക്കും 08/02/2023 ലെ എഡി ബി3/242989/ 22/ഡിജിഇ ഉത്തരവ് പ്രകാരം 28 പേർക്കും ഉൾപ്പെടെ 57 പേർക്ക് 70:20:5:5 എന്ന അനുപാതത്തിൽ ടി വിഭാഗങ്ങളിൽ നിന്ന് നിയമനം നൽകിയിരുന്നു. 28 പേർക്ക് നിയമനം നൽകിയതിൽ യു.പി.എസ്.എ/ എൽ.പി.എസ്.എ വിഭാഗത്തിൽ നിന്ന് ഒരു NJD ഒഴിവ് നിലവിൽ വന്നു. എന്നാൽ ടി വിഭാഗത്തിൽ യോഗ്യരായവർ ശേഷിച്ചിട്ടില്ലാത്തതിനാൽ ആ ഒഴിവിലേക്ക് നിയമനം നൽകാൻ കഴിഞ്ഞില്ല. ടി NJD ഒഴിവുൾപ്പെടെ 28 ഒഴിവുകൾ ശേഷിച്ചിരുന്നു.<br><br>01/01/2016 മുതൽ 28/12/2020 വരെയുള്ള 84 ഒഴിവുകളിൽ 70:20:5:5 എന്ന അനുപാതം |

| | | | |
|---|---|---|---|
| | | | പരിശോധിക്കുമ്പോൾ 4 ലാബ് അസിസ്റ്റന്റ്മാർക്കാണ് നിയമനം നൽകേണ്ടത്. ലാബ് അസിസ്റ്റന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും നിലവിൽ 4 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ലാബ് അസിസ്റ്റന്റ് ക്വാട്ട ഫിൽ ചെയ്തതിനാൽ ലാബ് അസിസ്റ്റന്റ്മാർക്ക് ഇനി നിയമനം നൽകുവാൻ കഴിയുകയില്ല. എന്നാൽ ലാബ് അസിസ്റ്റന്റ്മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ബാക്കിയുള്ള യോഗ്യരായ 7 പേർക്ക് നിയമനം നൽകണമെന്ന ആവശ്യം ഉന്നയിച്ച് ലാബ് അസിസ്റ്റന്റ് തസ്തികയിൽ ഉൾപ്പെട്ട ശ്രീ.അനൂപ് പി.ടി. OP (KAT) 172/2023 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. എന്നാൽ ടി കേസിന്റെ അന്തിമ ഉത്തരവായിട്ടില്ല. ആയതിനാൽ തസ്തികമാറ്റ നിയമനത്തിനായി ബാക്കിയുള്ള 28 ഒഴിവുകളിൽ ഒരു എൻ.ജെ.ഡി ഒഴിവ് ഉൾപ്പെടെ 8 ഒഴിവുകൾ മാറ്റി വച്ച് 20 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്യുകയും ആയതിന് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. മാറ്റി വച്ച 8 ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | എച്ച്.എസ്.എസ്.ടി. കൊമേഴ്സ് അദ്ധ്യാപകർ ലെക്ചറർ തസ്തികയിലേക്ക് ജോലി നേടി പോയതുകൊണ്ട് പ്രസ്തുത തസ്തികയിൽ നിലവിലുണ്ടായിട്ടുള്ള അഞ്ച് ഒഴിവുകൾ, പ്രമോഷൻ മുഖേനയുണ്ടായിട്ടുള്ള രണ്ട് ഒഴിവുകൾ, ഡെപ്യൂട്ടേഷൻ മുഖേനയുണ്ടായിട്ടുള്ള ഒരു ഒഴിവ് എന്നിവ നേരിട്ടുള്ള നിയമനത്തിനായി നാളിതുവരെ പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | എച്ച്.എസ്.എസ്.ടി. (ജൂനിയർ) കൊമേഴ്സ് തസ്തികയിൽ നിന്നും 5 അദ്ധ്യാപകർ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ജോലി ലഭിച്ച് വിടുതൽ ചെയ്ത ഒഴിവുകളിൽ 4 ഒഴിവുകൾ 2021 നവംബറിലാണ് ഉണ്ടായത്. ഈ കാലയളവിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കൊമേഴ്സ് തസ്തികയുടെ കേഡർ സ്ട്രെങ്ത് പരിശോധിച്ചതിൽ നിന്നും ടി 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നൽകിയാൽ കേഡർ സ്ട്രെങ്ത് അധികരിക്കുന്ന സാഹചര്യമുണ്ടായിരുന്ന- തിനാൽ ടി 4 ഒഴിവ് ആ സമയത്ത് കേരള പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിരുന്നില്ല. പിന്നീട് ഉണ്ടായ അഞ്ചാമത്തെ ഒഴിവ് 23/11/2023 ലാണ് ഉണ്ടായത്. ഈ ഒഴിവ് ഉണ്ടായ കാലയളവിൽ 03/05/2023-ലെ ജെഎ2/56/2022/ പൊവിവ നമ്പർ സർക്കാർ കത്ത് പ്രകാരം തസ്തികമാറ്റ നിയമനത്തിനായി ശേഷിച്ചിരുന്ന 28 ഒഴിവുകളിൽ 20 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്യണമെന്നും ആയത് ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ നിന്ന് തിരിച്ച് പിടിക്കണമെന്നുമുള്ള വ്യവസ്ഥയുണ്ടായിരുന്നു. ആയതിനാലാണ് ടി അഞ്ചാമത്തെ ഒഴിവ് പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യാതിരുന്നത് |
| (ഡി) | പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനായി, ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച ഉണ്ടാകരുതെന്ന സർക്കാർ | (ഡി) | എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കൊമേഴ്സ് തസ്തികയിലെ നാളിതുവരെയുള്ള സാധ്യമായ എല്ലാ |

| | | | |
|---|---|---|---|
| | നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 2024 ഏപ്രിൽ മാസത്തിൽ അവസാനിക്കുമെന്നത് കൂടി പരിഗണിച്ചുകൊണ്ടും പ്രസ്തുത 16 ഒഴിവുകളും ഇനി സംജാതമാഎല്ലാകാവുന്ന അർഹതപ്പെട്ട മറ്റ് ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | ഒഴിവുകളും കേരള പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ